**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1425** **30-08-2022 - ൽ മറുപടിയ്ക്ക്**

**തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി സി. കെ. ആശ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. സി.സി. മുകുന്ദൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാലോചിതമായി പരിഷ്കരിക്കുന്നത് സംബന്ധിച്ച വിഷയം സമഗ്രപഠനത്തിന് വിധേയമാക്കേണ്ടതിന്റെ സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. ക്ഷേമനിധി ബോർഡുകൾ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി തൊഴിൽ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 16 ക്ഷേമനിധി ബോർഡുകളെ സംയോജിപ്പിച്ച് ആകെ ക്ഷേമനിധി ബോർഡുകളുടെ എണ്ണം 11 ആയി കുറയ്ക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ബോർഡുകളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി അവ ലോകന യോഗങ്ങൾ പ്രത്യേകമായി ചേരുകയും പ്രവർത്തനം വിലയിരുത്തുകയും മെച്ചപ്പെട്ടു ത്തുന്നതിനും കൂടുതൽ സുഗമമാക്കുന്നതിനായി കമ്പ്യൂട്ടറൈ സേഷനും ഓൺലൈൻ ഫണ്ട് ട്രാൻസ്ഫറും നടപ്പിലാക്കി വരുന്നു. ബോർഡുകൾ നൽകുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുകവഴി കൂടുതൽ തൊഴിലാളികളെ ബോർഡുകളിലേയ്ക്ക് ആകർഷിക്കാൻ കഴിഞ്ഞിട്ടുണ്ട്. തൊഴിലാളി ക്ഷേമനിധി ബോർഡുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികളുടെ വിവരങ്ങൾ മുഴുവൻ അവരുടെ ആധാർ നമ്പറും ബാങ്ക് അക്കൗണ്ട് നമ്പറും കൂട്ടിചേർത്ത് ഡിജിറ്റലൈസ് ചെയ്യുന്ന പദ്ധതി അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇന്റർഫേസ് സിസ്റ്റം (AIIS) നടപ്പിലാക്കി വരുന്നു. |
| (ബി) | സംസ്ഥാന സർക്കാരിന്റെ സാമൂഹിക ക്ഷേമ പെൻഷനേക്കാൾ കുറഞ്ഞ തുക ക്ഷേമനിധി പെൻഷനായി വിതരണം ചെയ്യുന്ന ബോർഡുകൾ നിലവിലുണ്ടോ; എങ്കിൽ സാമൂഹികക്ഷേമ പെൻഷൻ തുകയ്ക്ക് തുല്യമായ തുക ക്ഷേമനിധി പെൻഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (ബി) | ഇല്ല. |
| (സി) | ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തന ചെലവുകൾ വർദ്ധിക്കുന്നത് ഇവയുടെ മുന്നോട്ടുള്ള | (സി) | ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തന ചെലവുകൾ വർദ്ധിക്കുന്നത് ഇവയുടെ മുന്നോട്ടുള്ള |

| | | | |
|---|---|---|---|
| | പ്രവർത്തനത്തെ ബാധിക്കുന്നുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ; | | പ്രവർത്തനത്തെ കാര്യമായി ബാധിക്കുന്നില്ല. അംശദായ വർദ്ധനവ് നടപ്പാക്കിയും സെസ്സ് പിരിവ് ഊർജ്ജിതപ്പെടുത്തിയും ക്ഷേമ ബോർഡുകളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രവർത്തന ചെലവ് നിയന്ത്രിക്കുന്നതിനായി ബോർഡുകൾക്ക് ലഭിക്കുന്ന അംശദായ ത്തിന്റെയോ വരുമാനത്തിന്റെയോ നിശ്ചിത ശതമാനം മാത്രമെ പ്രവർത്തന ചെലവിനായി നീക്കിവയ്ക്കാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കിയും ജീവനക്കാരുടെ എണ്ണം പരിമിത പ്പെടുത്തിയും ഭരണ ചെലവ് കുറയ്ക്കുന്നതിനുള്ള നടപടികൾ ബോർഡുകൾ സ്വീകരിച്ച് വരുന്നു. |
| (ഡി) | പ്രതിസന്ധിയിലായ സമാനസ്വഭാവമുള്ള ക്ഷേമനിധി ബോർഡുകൾ ലയിപ്പിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | ഉണ്ട്.<br><br>ക്ഷേമനിധി ബോർഡുകൾ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി തൊഴിൽ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 16 ക്ഷേമനിധി ബോർഡുകളെ സംയോജിപ്പിച്ച് ആകെ ക്ഷേമനിധി ബോർഡുകളുടെ എണ്ണം 11 ആയി കുറയ്ക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡുമായും കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡുമായും, കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഈറ്റ, കാട്ടുവള്ളി തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവ കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡുമായും കേരള ബീഡി & സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡുമായും സംയോജിപ്പി ക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ